ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/01/2016

RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2014-16

**NECHIYIL**

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**





- For scientific Ayurvedic treatments with a traditional touch
- SNEHA SWEDA KARMAS & PANCHAKARMA treatments are also done.
- Specialised in SIDHA medicine

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 9562529095*



॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**




ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 3 ലക്കം 7

വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 പൗഷ – മാഘ
1191 ധനു – മകരം 2016 ജനുവരി

വാർഷിക വരിസംഖ്യ: ₹ 60 /- ദീർഘകാലം: ₹1000/-



## നേതാജി സുഭാഷ് ചന്ദ്രബോസ്

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ജനുവരി 3 | : | വീരപാണ്ഡ്യകട്ടബൊമ്മൻ ജന്മദിനം |
| ജനുവരി 12 | : | സ്വാമി വിവേകാനന്ദ ജയന്തി |
| ജനുവരി 14 | : | മകരസംക്രാന്തി |
| ജനുവരി 20 | : | വീർ ഹക്കീകത്ത് റായ് രക്തസാക്ഷിദിനം |
| ജനുവരി 23 | : | നേതാജി സുഭാഷ് ചന്ദ്രബോസ് ജന്മദിനം |
| ജനുവരി 26 | : | റിപ്പബ്ലിക് ദിനം |
| ജനുവരി 28 | : | ലാലാ ലജ്പത്റായ് ജന്മദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



### *മണ്ഡലം 1 സൂക്തം 5*

*മധുഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ പിപീലികാ മദ്ധ്യാനിച്യദ്ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ*

**യസ്യ സംസ്ഥേ ന വൃണ്വതേ ഹരീ സമത്സു ശത്രവഃ |**

**തസ്മാ ഇന്ദ്രായ ഗായത ||**

*(ഋഗ്വേദം 1.5.4)*

**പദാർത്ഥം:** അല്ലയോ മനുഷ്യരേ ! നിങ്ങൾ (യസ്യ) ഏതൊരു പരമേശ്വരൻ അഥവാ സൂര്യന്റെ (ഹരീ) പദാർത്ഥങ്ങളെ പ്രാപിക്കാനാവുന്ന ബലവും പരാക്രമവും അതേ പോലെ പ്രകാശവും ആകർഷണവും (സംസ്ഥേ) ഈ സംസാരത്തിൽ വർത്തിക്കുന്ന ആരുടെ സഹായത്താൽ (സമത്സു) യുദ്ധത്തിൽ (ശത്രവഃ) വൈരികളായവർക്ക് (ന വൃണ്വതേ) നല്ല പ്രകാരത്തിലുള്ള ബലം ലഭിക്കാതിരിക്കുന്നുവോ (തസ്മൈ) ആ (ഇന്ദ്രായ) പരമേശ്വരൻ അഥവാ സൂര്യലോകത്തിന് അദ്ദേഹത്തിന്റെ ഗുണങ്ങളുടെ പ്രശംസ നടത്തുകയും കേൾക്കുകയും ചെയ്ത് യഥാവിധി അറിഞ്ഞാലും.

**ഭാവാർത്ഥം:** ഇതിൽ ശ്ലേഷാലങ്കാരമാണ്. എപ്പോൾ മുതൽ മനുഷ്യർക്ക് പരമേശ്വരൻ തങ്ങളുടെ ഇഷ്ടദേവനും ബലവാനുമാണെന്ന് മനസ്സിലാവുകയും പുരുഷാർത്ഥിയായിതീരുകയും ചെയ്യുന്നുവോ അതുവരെ അവർക്ക് ദുഷ്ടശത്രുക്കളെ നിർബ്ബലരാക്കാനുള്ള സാമർത്ഥ്യം ഉണ്ടാവുന്നതല്ല.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ.എം. രാജൻ)*

## ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയയ്ക്കേണ്ട വിലാസം:

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504.**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*






# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 3 | ലക്കം 7

**വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 പൗഷ – മാഘ**
**1191 ധനു – മകരം 2016 ജനുവരി**



**രക്ഷാധികാരി**
സ്വാമി പ്രണവാനന്ദ സരസ്വതി
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ശത്രുവോ? മിത്രമോ? | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 8 |
| സ്വസ്ഥ വൃത്തം | : | 10 |
| ആര്യോദ്ദേശ്യ രത്നമാല | : | 11 |
| സംശയനിവാരിണി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 13 |
| സ്വാമി ശ്രദ്ധാനന്ദൻ | : | 14 |


**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/vellinezhi**


## മുഖവാണി

### ജനുവരി 23: നേതാജി അനുസ്മരണം



**ഭാ**രതസ്വാതന്ത്ര്യ സമരത്തിലെ ഉജ്ജ്വല നായകനായിരുന്ന നേതാജി സുഭാഷ്ചന്ദ്രബോസിന്റെ ജന്മദിനം ഈ മാസം 23 നാണ്. 1897 ൽ ഒറീസ്സയിലെ കട്ടക്കിൽ ജനിച്ച അദ്ദേഹം ചെറുപ്രായത്തിൽ തന്നെ ആദ്ധ്യാത്മികതയും ദേശഭക്തിയും സമന്വയിച്ച ഒരു വ്യക്തിത്വത്തിനുടമയായിരുന്നു. നവോത്ഥാന നായകരായ മഹർഷി ദയാനന്ദൻ, രാജാറാം മോഹൻറായ്, സ്വാമി വിവേകാനന്ദൻ എന്നിവരിൽ നിന്ന് പ്രേരണ ഉൾക്കൊണ്ട അദ്ദേഹം 1921 ൽ ലണ്ടിനിൽ നിന്ന് ഐ.സി.എസ് പരീക്ഷ ഉന്നതമാർക്കോടെ പാസ്സായെങ്കിലും ഭാരതത്തെ അടക്കിഭരിച്ചിരുന്ന ബ്രിട്ടീഷ് സർക്കാരിന്റെ ആ ജോലി അദ്ദേഹം വേണ്ടെന്നു വെച്ചു. ദേശീയ പ്രസ്ഥാനമായിരുന്ന ഇന്ത്യൻ നാഷ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ണൽ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത അദ്ദേഹം നിരവധി തവണ ജയിൽവാസമനുഷ്ഠിക്കുകയും ബ്രിട്ടീഷ്കാരുടെ കണ്ണിലെ കരടായി തീരുകയും ചെയ്തു.

നേതാജിയുടെ ഐതിഹാസികമായ രക്ഷപ്പെടലും ജർമ്മനിയിൽ പോയി ഹിറ്റലറെ കാണലും വിദേശ രാഷ്ട്രങ്ങളിൽ നിന്ന് ഭാരതീയരെ സംഘടിപ്പിച്ച് രാഷ്ബിഹാരിബോസുമായി ചേർന്ന് ആസാദ് ഹിന്ദ് ഫൗജ് സ്ഥാപിക്കലും ചരിത്രത്തിന്റെ സുവർണ്ണതാളുകളിൽ എഴുതിവെക്കപ്പെട്ടതാണ്. അദ്ദേഹത്തിന്റെ "എനിക്ക് രക്തം തരൂ. ഞാൻ നിങ്ങൾക്ക് സ്വതന്ത്ര്യം തരാം." "ചലോ ദില്ലി", "ജയ്ഹിന്ദ്" എന്നീ മുദ്രാവാക്യങ്ങൾ ഒട്ടനവധി യുവാക്കളെ ദേശീയ സ്വാതന്ത്ര്യസമരപ്രക്ഷോഭങ്ങളിലേക്ക് ഹഠാദാകർഷിച്ചു. ഗാന്ധിജിയും മറ്റു കോൺഗ്രസ്സ് നേതാക്കളുമായുമുണ്ടായ അഭിപ്രായവ്യത്യാസങ്ങളാണ് നേതാജിക്ക് സ്വതന്ത്ര ഭാരതം വേണ്ടത്ര പരിഗണന നൽകാതിരിക്കാൻ കാരണം. ഇന്നും അദ്ദേഹത്തിന്റെ തിരോധാനം ഒരു ചോദ്യചിഹ്നമായി അവശേഷിയ്ക്കുന്നു. രാഷ്ട്രത്തിനു വേണ്ടി സർവ്വതും സമർപ്പിച്ച നേതാജി സുഭാഷ് ചന്ദ്രബോസ് യുവാക്കൾക്ക് എന്നും മാർഗ്ഗദർശകമാണ്. ഈ ജന്മദിനം അദ്ദേഹത്തെ കുറിച്ച് കൂടുതൽ മനസ്സിലാക്കാനും യുവാക്കളെ കർമ്മോൻമുഖരാക്കാനും ഉപകരിക്കട്ടെ എന്ന് ആശിക്കുന്നു.

**പത്രാധിപർ**


## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | |
|---|---|---|
| (1) | സന്ധ്യോപാസനയും അഗ്നിഹോത്രവും | – ₹ 60.00 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – ₹ 95.00 |
| (3) | ആര്യോദയം | – ₹ 10.00 |
| (4) | ആര്യസമാജം എന്ത്? എന്തിന്? | – ₹ 10.00 |
| (5) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – ₹ 10.00 |
| (6) | വൈദിക നിത്യകർമ്മ വിധി | – ₹ 20.00 |
| (7) | Vedas in Story form and Chaturvarnyam | – ₹ 35.00 |
| (8) | Dayananda the Great | – ₹ 5.00 |

*(പോസ്റ്റേജ് ചിലവ് പുറമെ)*


*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## അഥ വേദോൽപത്തി വിഷയഃ

(ഏവം വാ അരേ*f* സ്യ) മഹാപണ്ഡിതനായിരുന്ന യാജ്ഞവൽക്യ മഹർഷി തന്റെ വിദുഷിയായ മൈത്രേയി എന്ന പത്നിയോട് പറയുന്നു. "അല്ലയോ മൈത്രേയീ ! ആകാശാദികളേക്കാളും മഹത്തായ സർവ്വവ്യാപകനായ പരമേശ്വരനിൽ നിന്ന് ഋഗ്വേദം, യജുർവ്വേദം, സാമവേദം, അഥർവ്വവേദം എന്നീ ചതുർവ്വേദങ്ങൾ ഉണ്ടായി. മനുഷ്യരുടെ ശ്വാസനിശ്വാസം പോലെ സൃഷ്ടിയുടെ തുടക്കത്തിൽ ഈശ്വരൻ വേദങ്ങളെ ഉൽപ്പന്നമാക്കി ലോകത്തിന് പ്രകാശം ചൊരിഞ്ഞു. എന്നാൽ പ്രളയകാലത്ത് അദ്ദേഹത്തിന്റെ ജ്ഞാനത്തിനുള്ളിൽ വേദങ്ങൾ സദാ നിലകൊണ്ടു. വിത്തിനുള്ളിൽ നിന്ന് ചെടി ഉണ്ടാവുന്നതുപോലെ അത് വൃക്ഷരൂപം പൂണ്ട് ബീജരൂപത്തിൽ നിന്ന് പുറത്തു വരുന്നതുപോലെ. അപ്രകാരം വേദങ്ങൾ ഈശ്വരന്റെ ജ്ഞാനത്തിൽ എല്ലായ്പ്പോഴും സ്ഥിതി ചെയ്യുന്നു. അതിന്റെ നാശം ഒരിക്കലും സംഭവിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അത് ഈശ്വരന്റെ അറിവാണ്. അത് നിത്യമാണെന്നറിഞ്ഞാലും (3)

**അത്രകേചിദാഹു:–** നിരവയവാത് പരമേശ്വരാച്ഛബ്ദമയോ വേദഃ കഥമുൽപദ്യേതേതി ? അത്ര ബ്രൂമഃ | ന സർവ്വശക്തിമതീശ്വരേ ശങ്കേയമുപപദ്യതേ | കുതഃ ? മുഖപ്രാണാദിസാധനമന്തരാപി തസ്യ കാര്യം കർത്തും സാമർത്ഥ്യസ്യ സദൈവ വിദ്യമാനത്വാത് | അന്യച്ച, യഥാ മനസി വിചാരണാവസരേ പ്രശ്നോത്തരാദിശബ്ദോച്ചാരണം ഭവതി തഥേശ്വരേ*f*പി മന്യതാമ് | യോ*f*സ്തി ഖലു സർവ്വശക്തിമാൻ സ നൈവ കസ്യാപി സഹായം കാര്യം കർത്തും ഗൃഹ്ണാതി | യഥാസ്മദാദീനാം സഹായേന വിനാ കാര്യം കർത്തും സാമർത്ഥ്യം നാസ്തി, ന ചൈവമിശ്വരേ | യദാ നിരയവേനേശ്വരേണ സകലം ജഗദ്രചിതം തദാ വേദരചനേ കാ ശങ്കാസ്തി ? കുതഃ വേദസ്യ സൂക്ഷ്മരചനവജ്ജഗത്യപി മഹദാശ്ചര്യഭൂതം രചനമീശ്വരേണ കൃതമസ്ത്യതഃ |

**ഭാഷാർത്ഥം**: ഈ വിഷയത്തിൽ പലരും ഉന്നയിക്കുന്ന ഒരു ചോദ്യം നിരാകാരനായ ഈശ്വരനിൽ നിന്ന് ശബ്ദരൂപമായ വേദങ്ങൾ എങ്ങനെ ഉത്ഭവിക്കുമെന്നാണ് ?

ഇതിനുള്ള ഉത്തരം പരമേശ്വരൻ സർവ്വശക്തിമാനാണെന്നും അതിനാൽ ഇങ്ങിനെ ഒരു സംശയം ഉന്നയിക്കുന്നത് സർവ്വഥാ വ്യർത്ഥമാണെന്നുമാണ്. എന്തെന്നാൽ മുഖം, പ്രാണൻ മുതലായവയില്ലാതെ തന്നെ പരമേശ്വരൻ മുഖത്തിന്റെയും പ്രാണാദികളുടെയും പ്രവൃത്തികൾ തന്റെ അനന്ത സാമർത്ഥ്യത്താൽ യഥാവിധി നടത്തുന്നു. ജീവാത്മാക്കളായ നമുക്ക് മുഖം എന്നിവയില്ലാതെ കാര്യങ്ങൾ നടത്താൻ സാധ്യമല്ല. എന്തെന്നാൽ നമുക്കതിനുള്ള കഴിവില്ല.

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

(മുൻ ലക്കത്തിന്റെ തുടർച്ച)

# ശത്രുവോ? മിത്രമോ?

ഋഷ്യശൃംഗൻ

## മയക്കു മരുന്നുപയോഗം

മയക്കുമരുന്നാണോ മദ്യമാണോ ഏറ്റവും മോശമായത് ? ഈ പ്രശ്നത്തെ നിങ്ങൾ എങ്ങിനെ സമീപിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് ഇതിന്റെ ഉത്തരം. ആൽക്കഹോളും നിക്കോട്ടിനും (പുകയിലയടങ്ങിയത്) ഇന്ന് സമൂഹത്തിൽ പരക്കെ ഉപയോഗിക്കുന്നു. സാമൂഹ്യമായി സ്വീകരിച്ചുകഴിഞ്ഞ നിയമവിധേയമായ മരുന്നുകളുമാണിവ. രണ്ടിന്റേയും ദൂഷ്യവശങ്ങൾ അനേകമാണ്. ദുഃഖകരമായ വസ്തുത എന്തെന്നാൽ നിയമം ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധനൽകുന്നില്ലാ എന്നാണ്. എല്ലാവിധ ദോഷവശങ്ങളും അടയാളങ്ങളുമുണ്ടായിട്ടും പുകയിലയും ആൽക്കഹോളും സമാജത്തിൽ നിലനിൽക്കുകയാണ്. ഇവയുടെ വിപണനത്തിലൂടെയും ഉപഭോഗത്താലും ലക്ഷകണക്കിന് രൂപ സർക്കാരിന്റെ ഖജനാവിലേക്ക് ഒഴുകുന്നു. ഇവ രണ്ടും നിയമപരമായി തന്നെ കടകളിൽനിന്ന് ലഭ്യമാണ്. ഇതിന് പുറമെ ഇവയുടെ വ്യാജന്മാരും പരക്കെ കാണപ്പെടുന്നു.

മയക്കുമരുന്ന് ശരീരത്തിന്റെ പ്രാകൃതികഘടനക്ക് ആഘാതമേൽപ്പിക്കുന്നു. മനഃശാസ്ത്രപരമായ കാരണങ്ങൾ ആൽക്കഹോളിനും മയക്കുമരുന്നിനും ഒന്നുതന്നെയാണ്. സിരാകേന്ദ്രങ്ങളുടെ പ്രവർത്തനത്തേ ഇത് ബാധിക്കുന്നു. ഇതിനടിമപ്പെട്ടവർക്ക് അസ്വസ്ഥതകൾ, മാനസികപിരിമുറുക്കം, ചിന്തകളിലെ മാറി മറിച്ചിലുകൾ, വികാരവിക്ഷോഭങ്ങൾ എന്നിവ അനുഭവപ്പെടുന്നു. ലോകം നേരിടുന്ന ഭീഷണികളിലൊന്നായ മയക്കുമരുന്നുപയോഗത്തിന് കാലങ്ങളുടെ പഴക്കമുണ്ട്.

പ്രധാനമായും രണ്ടുതരത്തിലുള്ള മയക്കുമരുന്നുകൾ കാണപ്പെടുന്നു. ഓർഗാനിക്, സിന്തറ്റിക് എന്നീ വിഭാഗങ്ങളിൽപെടുന്നവയാണവ. രോഗികൾക്ക് ശസത്രക്രിയക്കും ചികിൽസാസംബന്ധമായും ഉപയോഗിക്കാനാവുമെന്ന ഗുണവശം മയക്കുമരുന്നിനുണ്ടെങ്കിലും അവയുടെ തെറ്റായ ഉപഭോഗം ശാരീരികവും മാനസികവുമായ തകർച്ചയാണ് ഒരാളിലുണ്ടാക്കുക.

പുകയിലയടങ്ങിയ നിക്കോട്ടിൻ മാരകവിഷമാണ്. ഒരു കിലോ പുകയിലയിൽ നാലുഗ്രാം നിക്കോട്ടിനുണ്ടാവും. നൂറു ഗ്രാമിലൊരംശം (ഉദാ: 0.01 ഗ്രാം അല്ലെങ്കിൽ 10 മില്ലീ ഗ്രാം) ഒരു പട്ടിയേ മൂന്നുമിനിട്ടിനുള്ളിൽ കൊലപ്പെടുത്താൻ ശക്തിയുള്ളതാണ്. മനുഷ്യരുടെ ജനനേന്ദ്രിയങ്ങളേയും ലൈംഗിക ശേഷിയേയും പുകയില അപായപ്പെടുത്തുന്നു. പുകവലിക്കാരുടെ മരണനിരക്ക് പുകവലിക്കാത്തവരേ അപേക്ഷിച്ച് 30 മുതൽ 80 ശതമാനം വരെ കൂടുതലാണ്.

ഇതെല്ലാം മനസ്സിലാക്കുന്നവർ ബുദ്ധിപൂർവ്വം ആൽക്കഹോളും മയക്കുമരുന്നുപയോഗവും വർജ്ജിക്കണം

**ഛിദ്രം വൃണ (യജുർവ്വേദം 12.54)**
**തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും**





(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*




**ഇനി** ചിലർ ഇത്തരത്തിൽ പൂർവ്വപക്ഷമുന്നയിക്കാം. രാജാവ് പല്ലക്കിൽ സഞ്ചരിക്കുന്നു, ഭൃത്യന്മാർ പല്ലക്ക് പൊക്കികൊണ്ട് നടക്കുന്നു. ഇവരിൽ ഒരാൾ സുഖമനുഭവിക്കുകയും മറ്റുള്ളവർ (ഭാരം ചുമക്കുന്നവർ) ക്ലേശമനുഭവിക്കുകയും ചെയ്യുന്നു. ഇങ്ങിനെ കരുതുന്നത് തെറ്റിദ്ധാരണയാണ്. രാജാവിന് ഭരണസംബന്ധമായ പലവിഷയങ്ങളും പ്രശ്നങ്ങളുമുള്ളതിനാൽ അദ്ദേഹത്തിന്റെ മനസ്സിൽ വിഷമങ്ങളുടെ ഒരു കുന്നുതന്നെയുണ്ടാവും. അതിനാൽ പുറമേക്ക് നോക്കുമ്പോൾ രാജാവിന് ഒരുപാട് സുഖ പ്രതീതി കാണുന്നുവെങ്കിലും അദ്ദേഹത്തിനുള്ളിൽ അത്രയും ദുഃഖങ്ങളുമുണ്ട്. അതിനാൽ അദ്ദേഹത്തിന് രാത്രിയിൽ ഉറക്കം വന്നാലും സുഖനിദ്ര ലഭിക്കുന്നില്ല. എന്നാലിതിനുവിരുദ്ധമായി പല്ലക്ക് ചുമക്കുന്നവർക്ക് ബാഹ്യമായി ക്ലേശങ്ങളും നിലവാരം കുറഞ്ഞ ഭക്ഷണവുമാണ് ലഭിക്കുന്നതെങ്കിലും ഉറങ്ങാൻ കിടന്നാലുടൻ തന്നെ സുഖനിദ്ര ലഭിക്കുന്നു. അതായത് അവർക്ക് നല്ല ഉറക്കം കിട്ടുന്നു. അതിനാൽ ഒരു ജന്മം മാത്രമേയുള്ളുവെന്ന് അംഗീകരിക്കുന്നത് ശരിയാണ്.

ഈ പൂർവ്വപക്ഷത്തിന് സഹജമായ മറുപടി നൽകാം. ധനവാനും ദരിദ്രനും, ശക്തനും അശക്തനും സുഖദുഃഖങ്ങൾ സമാനരൂപത്തിലാണ് എന്നത് എല്ലാ അനുഭവങ്ങൾക്കും വിരുദ്ധമാണ്. രാജാവിന് ഒരു പുത്രനുണ്ടാവുന്നു. തൂപ്പുകാരനും ഒരു പുത്രനുണ്ടാവുന്നു. രാജപുത്രന് ഗർഭാവസ്ഥയിലും ജനനസമയത്തും സുഖം ലഭിക്കുന്നു. ബാല്യകാലവും സുഖമയമാണ്. ഭക്ഷണപദാർത്ഥങ്ങളും മറ്റെല്ലാവസ്തുക്കളും യഥേഷ്ടം നൽകാൻ സേവകന്മാർ തയ്യാറായി നിൽപ്പുണ്ട്. എന്നാലിതിനു വിരുദ്ധമായി തൂപ്പുകാരന്റെ മകന് ഗർഭാവസ്ഥയിലും ദുഃഖം. ജനനസമയത്തും ദുഃഖകരമായ പരിതസ്ഥിതികൾ. ബാല്യാവസ്ഥ ദുരിതപൂർണ്ണമാണ്. ഭക്ഷണത്തിനായി നിലവിളിച്ചുനടക്കേണ്ടി വരുന്നു. ഈ സുഖദുഃഖ ഭേദങ്ങൾ എങ്ങിനെ വന്നു? എല്ലാവർക്കും സമ്പന്നനാവണമെന്നും മറ്റുള്ളവരേക്കാളും സമുന്നതനാവണമെന്നുമുള്ള ആഗ്രഹം സ്വാഭാവികമായി ഉണ്ടാവുന്നു. ഈ ആഗ്രഹത്താലാണ് ലോകം മുഴുവൻ നടന്നുപോവുന്നത്. അതിനാൽ സുഖദുഃഖങ്ങളുടെ വ്യത്യാസം യാഥാർത്ഥ്യമാണ്. ഭ്രമമല്ല. ഇനി സുഖദുഃഖഭേദമുണ്ടെന്നും ഒരു ജന്മം മാത്രമേ ഉള്ളൂവെന്നും എന്നാണെങ്കിൽ ഈശ്വരൻ അന്യായകാരിയാണെന്നുവരും. ഇത് നമ്മുടെ ആദ്യത്തേ സിദ്ധാന്തത്തിനു വിരുദ്ധമാണ്. അതുകൊണ്ട് ജന്മങ്ങൾ അനേകമാണ് എന്നു കരുതുന്നതാണ് യോഗ്യം. അതായത് ഈശ്വരൻ ന്യായകാരിയും ജന്മാന്തരങ്ങളിലെ അപരാധങ്ങൾക്കനുരൂപമായി ജീവാത്മാവിന് ശിക്ഷനൽകുന്നവനുമാണ്. എത്രത്തോളം കൊടുംപാപം ജീവാത്മാവ് ചെയ്യുന്നുവോ അത്രകണ്ട് ദുഃഖവും അനുഭവിക്കേണ്ടി വരും എന്നു സിദ്ധിക്കുന്നു.

(തുടരും)

**മാ സ്രോധത (ഋഗ്വേദം 6.32.9)**
**ഹിംസ ചെയ്യാതിരിക്കൂ**

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം 3



**അ**വർ മുമ്പറിയാത്ത ഒരു തത്ത്വം കിട്ടിയപ്പോൾ സാത്ഭുതമാഹ്ളാദിച്ച് പാച്ചനെ ഏകാഗ്രതയോടെ കൺകളടിമുടി ഉഴിഞ്ഞു, ദീപാരാധനാസമാനം. പാച്ചനും വിജയാഹ്ളാദിതനായി അവരോട് ചേർന്നു.

"അപ്പോഴേയ് ചേട്ടാ, വാരിയരെ! വർത്തമാനത്തിനിടയ്ക്ക് ഒന്നു വിട്ടുപോയി. നിങ്ങളുടെ മകനും മകളും-ഉണ്ണിയും ദേവുവും ഉണ്ടല്ലോ. അവരെ കണ്ടില്ല. എന്താ വർത്തമാനം ? ഇത്രനേരമായിട്ടും കണ്ടില്ലല്ലോ. ഞാൻ വർത്തമാനത്തിന്റെ ആവേശത്തിൽ ചോദിക്കാൻ വിട്ടുപോയി." പാച്ചൻ അപരാധം പ്രകടമാക്കി.

"ഉണ്ണി ഇന്റർമീഡിയറ്റ് കഴിഞ്ഞ് ഫാർമസിസ്റ്റിന്റെ കോഴ്സിന് ബാഗ്ലൂരിൽ പഠിക്കുകയാണ്. ദേവുവിന് അഞ്ചാറുമാസമായി. അവളിപ്പോൾ ഭർത്താവിന്റെ കൂടെ കൽക്കത്തയിലാണ്. അവൾക്ക് ചെറിയൊരു കോർപ്പറേഷനിൽ എൽ ഡി ക്ലാർക്കായി ജോലി കിട്ടിയിട്ടുണ്ട്. ഒരു വിധം തരക്കേടില്ല. അധികമൊന്നുമായിട്ടില്ല. രണ്ടു മാസമോ മറ്റോ ആയിട്ടുള്ളൂ." വാരിയർ വിശദീകരിച്ചു.

"ഓ ഹോ അതാണല്ലെ കാണാത്തത്. ഇനി ഉണ്ണിക്കും കൂടി ഒന്നു ശരിയായാൽ ജയിച്ചു. പിന്നെ നാമോം മാലയുമായി കൂടിയാൽ മതീലോ. അല്ലേ?" പാച്ചൻ ഇലതുടച്ചു ഭക്ഷണം മുഴുമിപ്പിച്ചു.

മാതാപിതാക്കൾ ഒന്നു ചിരിച്ചു "ഈശ്വരാനുഗ്രഹം കൊണ്ടങ്ങനെ ഒരു വിധം കഴിയുന്നു. എല്ലാം ഈശാവാസ്യമല്ലേ ?" വാരിയരും വാരസ്യരും മേലോട്ടു കൈകൂപ്പി പ്രാർത്ഥിച്ചു. ഊണുകഴിച്ചെഴുന്നേറ്റ് കൈകഴുകി ഇരുവരും പൂമുഖത്ത് വന്നിരുന്നു. വാരിയർ ഒരു ബീഡി എടുത്ത് പാച്ചന്റെ നേർക്ക് നീട്ടി.

"ഊഹും. അതുമാത്രം വേണ്ട. ഞാനത് ഉപയോഗിക്കാറില്ല ഇപ്പോൾ. ഞാനിവിടെ തമ്പുരാക്കന്മാരിൽ ആറാമന്റെ ഉപദേശാനുസാരം യോഗാസനങ്ങളും നാഡീ ശുദ്ധ്യാദി പ്രാണായാമങ്ങളും ശീലിച്ചിരുന്നത് നിങ്ങൾക്കോർമ്മയില്ലേ? അന്നുപേക്ഷിച്ചതാ ബീഡി, മുറുക്ക് മുതലായ ലഹരി പദാർത്ഥങ്ങൾ." പാച്ചനോർമ്മപ്പെടുത്തി.

"ഓ.....ഓർമ്മിക്കുന്നുണ്ട്. അതൊക്കെ ഇപ്പോഴും തുടർന്നു പോകുന്നുണ്ടോ" വാരിയർ

*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*





തീപ്പെട്ടി ഉരച്ചു.

"ഉവ്വ് അതുകൊണ്ട് ദേഹത്തിനും മനസ്സിനും എന്താന്ന് പറയാൻ വയ്യാത്ത ഒരുസുഖം, ഒരുന്മേഷം, സമാധാനം തോന്നുന്നുണ്ട്. " പാച്ചൻ സാഭിമാനം ശ്വസിച്ചു.

"കിടക്കാറായോ ? യോഗാഭ്യാസികൾ വൈകാതുറങ്ങുകയും വൈകാതെ എണീൽക്കുകയും വേണമെന്നല്ലേ പറയാറ്. അതുകൊണ്ട് ചോദിച്ചതാ. സമയമായാൽ കിടക്കാം." വാരിയർ എഴുന്നേറ്റ് പാച്ചനേയും കൂട്ടി അതിഥിമുറിയിലേക്ക് കടന്നു. പിന്നെ അവിടെ വിരിച്ചിട്ട കട്ടിലും തൊട്ടടുത്തുള്ള കുളിമിറിയും വെള്ളവും പല്ലുതേക്കാനായി ഒരുക്കിവെച്ചതുമെല്ലാം കാണിച്ചുകൊടുത്തു. "പോരെ അങ്ങ് സംതൃപ്തനാവണമെന്ന് പ്രാർത്ഥിക്കുന്നു."

"എനിക്ക് ഇങ്ങിനെ ശ്രീകൃഷ്ണൻ കുചേലനേകിയ ആതിഥ്യം പോലുള്ള ഒന്ന് കാണാനും അനുഭവിക്കാനും സാധിച്ചിട്ടില്ല. എന്നിലെന്നപോലെ അങ്ങയിലും വ്യാപകനായി ഉറക്കമില്ലാതെ സർവ്വ ആപത്നിവാരകനായി വർത്തിക്കുന്നവൻ നമ്മുടെ വഴിയിൽ മംഗളം വിതയ്ക്കട്ടെ." പാച്ചൻ വാരിയരോട് കൈകൂപ്പികൊണ്ടു പറഞ്ഞു. ശയ്യയിലേക്ക് ചാഞ്ഞു.

വാരിയർ സമൗനം കണ്ണുകൾ തുടച്ച് പാച്ചന്റെ കാൽതൊട്ട് തലയിൽവെച്ച് വാതിൽ ചാരി അകത്തേയ്ക്കു പോയി വാതിലടച്ചു.

(തുടരും)


## ദയാനന്ദ സന്ദേശം വൈദിക മാസിക



*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
***ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.***

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch


*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*



# സ്വസ്ഥ വൃത്തം

ഡോ.(പ്രൊ.) ശശികുമാർ നെച്ചിയിൽ, എം. ഡി (ആയു.)

## വയറിളക്കുന്നത് എങ്ങിനെ ? എന്തിന് ?

**ശ**രീരത്തെ ശുദ്ധമാക്കുന്നതിനുള്ള എളുപ്പവും ഫലപ്രദവുമായ വഴിയാണ് വയറിളക്കൽ. കാലാവസ്ഥാ വ്യതിയാനങ്ങൾ സംഭവിക്കുമ്പോൾ ആണ് ശരീരത്തിൽ അസുഖങ്ങൾ കടന്നു വരുന്നത്. അതിനാൽ കാലാവസ്ഥകളുടെ സന്ധികളിൽ ശരീരത്തെ ശുദ്ധിയാക്കി വയ്ക്കുക.

- വയറിളക്കാനുള്ള ഔഷധം 6 മണിക്ക് ശൗചത്തിനുശേഷം കഴിക്കുക.
- അരമണിക്കൂർ ശേഷം ചൂടുവെള്ളമോ ചായയോ പാലോ ഉപയോഗിയ്ക്കാം.
- നല്ലവണ്ണം വയറിളകിയാൽ 10.30 മണിക്ക് വിശപ്പ് വന്നാൽ കഞ്ഞി കുടിയ്ക്കുക.
- ഉച്ചയ്ക്ക് രസം മുതലായ എണ്ണയുടെ സാന്നിദ്ധ്യമില്ലാത്ത ലഘുവിഭവങ്ങൾ കൂട്ടി ഭക്ഷണം സേവിയ്ക്കുക.
- രാത്രിയിലും ലഘു ഭക്ഷണമാക്കുക.
- അന്നേദിവസം കുളി ഒഴിവാക്കുക. ചൂടുവെള്ളത്തിൽ വൈകുന്നേരം മേൽ കഴുകാം.
- ഇതാണ് നാം മറന്നുപോയ വയറിളക്കുന്ന രീതി.

## ഉപവാസം

ഉപവാസം പല അസുഖങ്ങൾക്കുമുള്ള വിദഗ്ദ്ധ ചികിത്സയായി ആയുർവ്വേദം ഉപദേശിക്കുന്നു.

- 24 മണിക്കൂർ വയർ ഒഴിഞ്ഞിരുന്നാൽ മാത്രമെ ഉപവാസത്തിന്റെ ഫലം സിദ്ധിക്കുകയുള്ളൂ.
- ഇതിനിടയിൽ വേണമെങ്കിൽ അല്പാല്പം തിളപ്പിച്ചാറിയ വെള്ളം കഴിയ്ക്കാം.
- ഉപവാസം നിർത്തുന്നത് മലർ തിളപ്പിച്ച വെള്ളമോ, അരിയും ചെറുപയറും, അഥവാ ഗോതമ്പും ചെറുപയറും ഉപ്പിടാതെ വച്ച കഞ്ഞിയോ ആവശ്യത്തിനു മാത്രം കഴിച്ചുകൊണ്ടാകാം.
- ഇതിന് മുമ്പ് ഒരു നല്ല നെല്ലിയ്ക്ക കഴിയ്ക്കുന്നത് ഉത്തമമാണ്.
- ഒരു മാസത്തിൽ 2 പ്രാവശ്യമെങ്കിലും ഇത്തരത്തിൽ ഉപവസിയ്ക്കേണ്ടതാണ്.

*(തുടരും)*

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ആര്യോദ്ദേശ്യ രത്നമാല

## മഹർഷി ദയാനന്ദസരസ്വതി

*തർജ്ജമ: നചികേതസ്*

**89. ശബ്ദം:-** പൂർണ്ണ ആപ്തവും പരമേശ്വരനും മുമ്പുപറഞ്ഞ ആപ്ത പുരുഷന്മാരുടെ ഉപദേശവു മേതാണോ അതിനെ ശബ്ദപ്രമാണമെന്നു പറയുന്നു.

**90. ഐതിഹ്യം:-** ശബ്ദപ്രമാണത്തിന്നനുകൂലമായതും അസംഭവമോ കളവായ എഴുത്തുകളോ അല്ലാത്തതിനെ ഐതിഹ്യം (ഇതിഹാസം) എന്നു പറയുന്നു.

**91. അർത്ഥാപത്തി:-** ഏതൊന്നാണൊ ഒരു കാര്യം പറയുമ്പോൾ രണ്ടാമത്തെ കാര്യം മനസ്സിലാവുന്നത് അതിനെ അർത്ഥാപത്തി എന്നു പറയും. ഉദാഹരണത്തിന് ഒരാൾ പറയുന്നു. "ദേവദത്തൻ പകൽ സമയത്ത് ഭക്ഷണം കഴിക്കാറില്ലെങ്കിലും തടിച്ചുകൊഴുത്തിരിക്കുന്നു." അർത്ഥാപത്തി മൂലം അറിയാൻ കഴിയുന്നത് ദേവദത്തൻ രാത്രിയിൽ ഭക്ഷണം കഴിയ്ക്കുന്നുണ്ട് എന്നാണ്, എന്തെന്നാൽ ഭക്ഷണപാനീയങ്ങളില്ലാതെ ആരോഗ്യം നിലനിർത്താനാവില്ല.

**92. സംഭവം:-** പ്രമാണം, യുക്തി, സൃഷ്ടിക്രമം എന്നിവക്കനുസൃതമായത് എന്താണോ അതാണ് സംഭവം. ഇതിന് വിപരീതമായത് അസംഭവമാണ്. ഗണേശന്റെ തല ആനയുടേതുപോലെയും കീഴ്ഭാഗം മനുഷ്യശരീരം പോലെയുമാവും എന്ന് പറയുന്നത് അസംഭവമാണ്.

**93. അഭാവപ്രമാണം:-** ഒരാൾ മറ്റൊരാളോട് ജലം കൊണ്ടു വരാൻ പറയുന്നു. അപരൻ അവിടെ വെള്ളം കണ്ടില്ലാ എങ്കിലും വെള്ളമുള്ളിടത്തുപോയി ജലം കൊണ്ടുവരണമെന്നും മനസ്സിലാക്കുന്നു. ഈ അഭാവനിമിത്തത്താൽ ഉണ്ടാവുന്ന അറിവിനെ അഭാവപ്രമാണമെന്നു പറയുന്നു.

**94. ശാസ്ത്രം:-** ഏതൊന്നാണോ സത്യവിദ്യകൾ അടങ്ങിയതും ഏതൊന്നുചെയ്താലാണോ മനുഷ്യർക്ക് സത്യവിദ്യകൾ അഭ്യസിക്കാനാവുന്നത് അതിനെ ശാസ്ത്രമെന്നു പറയുന്നു.

**95. വേദങ്ങൾ:-** ഏതൊന്നാണോ ഈശ്വരോക്തസത്യവിദ്യകളാൽ യുക്തവും ഋഗ്സംഹിതാ തുടങ്ങി നാല് ഗ്രന്ഥങ്ങളും അവയിൽ നിന്ന് മനുഷ്യർക്ക് സത്യാസത്യജ്ഞാനും ഉണ്ടാകുന്നതും അതിനെ വേദങ്ങൾ എന്നു പറയുന്നു. വേദങ്ങൾ നാലാണ്. ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ്വവേദം എന്നിങ്ങനെ. വേദങ്ങൾ ഈശ്വരവാണിയായതിനാൽ പരമപ്രമാണമാണ്.

**96. പുരാണങ്ങൾ:-** പ്രാചീനമായ ഐതരേയ, ശതപഥ ബ്രാഹ്മണങ്ങൾ തുടങ്ങി ഋഷി മുനിമാരാൽ നിർമ്മിക്കപ്പെട്ട സത്യാർത്ഥമായ പുസ്തകങ്ങളെ പുരാണം, ഇതിഹാസം, കൽപം, ഗാഥ, നാരാശംസി എന്നു പറയുന്നു. വ്യാസന്റെ പേരിൽ പറയപ്പെടുന്ന 18 പുരാണങ്ങൾ യഥാർത്ഥപുരാണങ്ങളല്ല. അവയിൽ ആധുനികകാലം വരെ കൂട്ടിച്ചേർക്കലുകൾ നടന്നിട്ടുണ്ട്.

*(തുടരും)*

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**ഭ**വിഷ്യകാല പ്രശ്നങ്ങളെക്കുറിച്ച് വർത്തമാനത്തിൽ ഈശ്വരനോട് ചോദിച്ചിട്ട് എന്തു പ്രയോജനം ? ഇവയെല്ലാം സമയം വ്യർത്ഥമാക്കുന്ന കാര്യങ്ങളാണ്. അതുകൊണ്ട് മനുഷ്യൻ വർത്തമാനത്തെ നന്നാക്കുകയാണ് വേണ്ടത്. അതുവഴി അവന്റെ ഭാവി ഉജ്ജ്വലമായിതീരുന്നു.

ഈശ്വരൻ ഭൂതത്തിലും ഭാവിയിലും വർത്തമാനസ്ഥിതനാണ് എന്നതാണ് വൈദികസിദ്ധാന്തം നാളെ തീർച്ചയായും ഉണ്ടാകും. എന്താണുണ്ടാകുക എന്നത് നാളെ മാത്രമെ അറിയുകയുള്ളു. നാളെ എന്നത് ഒരിക്കലും 'ഇന്നലെ' പോലെ ആയിരിക്കുകയില്ല. മറിച്ച് 'ഇന്ന്' എന്നപോലെയാണ് സംഭവിക്കുന്നത്. കഴിഞ്ഞുപോയ ഭൂതത്തെക്കുറിച്ച് ആലോചിക്കുകാണെങ്കിൽ അവന് പിറകോട്ട് വീഴേണ്ടതായി വരും. ഭാവിയെപ്പറ്റി ആലോചിക്കുകയാണെങ്കിൽ മുഖമടച്ച് വീഴേണ്ടതായി വരും. അതുകൊണ്ട് വർത്തമാനത്തിൽ ജീവിക്കുക. നാളെ എന്നത് ഈശ്വരനുവിട്ടു കൊടുക്കുക. ഈശ്വരൻ എല്ലാവർക്കും സമൃദ്ധി പ്രദാനം നൽകുകയും എല്ലാവരുടേയും വർത്തമാനത്തെ സഫലമാക്കുകയും ചെയ്യട്ടെ.

**ചോദ്യം 41:– മനുഷ്യജാതി എന്നാണുണ്ടായത്?**

**ഉത്തരം**: തികച്ചും ഗംഭീരമായ ചോദ്യം തന്നെ. മനുഷ്യരായ നമ്മൾ ജാതി-മത-വർഗ്ഗത്തിനതീതമായി എല്ലാ സത്യവിദ്യകളുടേയും ആധാരമായ 'വേദ'ത്തെയാണ് പ്രമാണമാക്കുന്നത്. നിത്യവും അപൗരുഷേയവും ഈശ്വരദത്തവുമായതിനാൽ വേദം തന്നെയാണ് പരമപ്രമാണം. വേദമനുസരിച്ച് സൃഷ്ടികാലം എന്നത് 4,32,00,00,000/- (432 കോടി) വർഷമാണ്. ഇതാണ് ഒരു ബ്രഹ്മദിനം അഥവാ കൽപ്പമെന്നു പറയുന്നു. ഇതിൽ 14 മന്വന്തരങ്ങൾ (1000 ചതുർയുഗങ്ങൾ) ആണുള്ളത്. ഒരു മന്വന്തരത്തിൽ 71 ചതുർയുഗങ്ങളുണ്ട്. ഒരു ചതുർയുഗത്തിൽ 4 യുഗങ്ങൾ (സത്യയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം) നാലുയുഗങ്ങളുടേയും പ്രമാണം യജുർവ്വേദം 30.18 ൽ ഉണ്ട്. സൃഷ്ടികാലത്തെപ്പറ്റി അഥർവ്വവേദം 10.7.9 ൽ വർണ്ണിച്ചിരിക്കുന്നു. 14 മന്വന്തരങ്ങൾ ചേർന്ന് ഒരു കൽപ്പമുണ്ടാവുന്നു. ഇപ്പോൾ ഏഴാമത്തെ വൈവസ്വത മന്വന്തരത്തിലെ കലിയുഗത്തിലെ 5117-ാം മത്തെ (ഇംഗ്ലീഷ് വർഷം 2015-16) വർഷമാണ് നടന്നുകൊണ്ടിരിക്കുന്നത്.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



## ഛപ്രയിലെ തിരശ്ശീലക്കുപിന്നിലെ ശാസ്ത്രാർത്ഥം

**ബം**ഗാളിൽ നിന്ന് സ്വാമിജി ബീഹാറിലേക്ക് യാത്രതിരിച്ചു. അദ്ദേഹം ബീഹാറിലെ ഛാപ്ര എന്ന സ്ഥലത്തെത്തി. തങ്ങളുടെ തട്ടിപ്പുകൾക്ക് ക്ഷതി നേരിടുമെന്ന് ഭയന്ന അവിടുത്തെ സ്വാർത്ഥികളായ ബ്രാഹ്മണർ സ്വാമിജിയെ നേരിടുന്നതിനായി തയ്യാറെടുപ്പുകൾ തുടങ്ങി. പണ്ഡിറ്റ് ജഗന്നാഥനായിരുന്നു അവരുടെ നേതാവ്. ജഗന്നാഥനോട് സ്വാമിജിയുമായി ശാസ്ത്രാർത്ഥം നടത്താൻ അവർ ആവശ്യപ്പെട്ടു. അദ്ദേഹമാകട്ടെ ഇതിലൽപ്പം പതറിപ്പോയി. ദയാനന്ദനെ ശാസ്ത്രാർത്ഥത്തിൽ പരാജയപ്പെടുത്താനുള്ള ഉപായങ്ങളെക്കുറിച്ച് അദ്ദേഹം തലപുകഞ്ഞാലോചിച്ചു. ഒരു പോംവഴിയും കാണാത്തതിനാൽ അദ്ദേഹം ദയാനന്ദൻ നാസ്തികനാണെന്ന് പറഞ്ഞു. നാസ്തികനെ കാണുന്നതുപോലും പാപമാണെന്നും പറഞ്ഞു. എന്നാൽ ജഗന്നാഥന്റെ വാദത്തേ നേരിടുന്നതിനായി ഒരു തിരശ്ശീലക്ക് പിന്നിലിരുന്ന് തന്നെ നേരിട്ട് ദർശിക്കാതെ ശാസ്ത്രാർത്ഥം നടത്താവുന്നതാണെന്ന് ദയാനന്ദൻ മറുപടി പറഞ്ഞു. മറ്റു പണ്ഡിതരുടെ നിർബന്ധത്തിനൊടുവിൽ ജഗന്നാഥനിത് അംഗീകരിക്കേണ്ടിവന്നു.

സ്വാമിജിക്കും ജഗന്നാഥിനുമിടയിൽ ഒരു പർദ്ദ (തിരശ്ശീല) സ്ഥാപിച്ചു. സ്വാമിജി ജഗന്നാഥിനോട് ചോദ്യങ്ങൾ ചോദിച്ചുതുടങ്ങി. അതിനയാൾക്ക് വ്യക്തമായ ഉത്തരങ്ങൾ നൽകാനായില്ല. മാത്രവുമല്ല ജഗന്നാഥന്റെ സംസ്കൃതവും ശുദ്ധമായിരുന്നില്ല. കുറച്ചു നേരം അയാൾ സംസാരിച്ചുവെങ്കിലും സ്വാമിജിയുടെ പാണ്ഡിത്യത്തിനുമുന്നിൽ അദ്ദേഹത്തിനു പിടിച്ചുനിൽക്കാനായില്ല. പൗരാണികരുടെ കൂട്ടത്തിൽ നിന്ന് ആളുകളുടെ കൊഴിഞ്ഞുപോക്ക് തുടങ്ങി. അവസാനമവർ തങ്ങളുടെ നീചപ്രവർത്തികൾ പുറത്തെടുത്തു. ഈ സ്വാമിജി പുറത്തുവന്നാൽ അദ്ദേഹത്തെ കല്ലുകൊണ്ടും കത്തി കൊണ്ടും ആക്രമിക്കുമെന്നവർ ഉറക്കെ വിളിച്ചു പറഞ്ഞു. എന്തൊക്കെ അപകടങ്ങളെ നേരിട്ടാണ് സ്വാമിജി വേദപ്രചാരപ്രവർത്തനങ്ങൾ നടത്തിയത് എന്ന് വായനക്കാർ ഊഹിക്കുക. ആത്മബലമുള്ള വ്യക്തികൾക്കുമാത്രമേ സത്യത്തിന്റെ സ്ഥാപനം നടത്താനാവൂ.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

# സ്വാമി ശ്രദ്ധാനന്ദൻ

*സാധ്വി സരോജിനി സരസ്വതി*



**സ്വാ**മി ശ്രദ്ധാനന്ദൻ ഹിന്ദുക്കളെപ്പോലെ തന്നെ മുസ്ലീംങ്ങളുടെ ഹൃദയത്തിലും സ്ഥാനം പിടിച്ചിരുന്നു എന്നതിന് തെളിവാണിത്. ഹിന്ദുക്കളോടും മുസ്ലീങ്ങളോടും കോൺഗ്രസ്സിനോടുമൊക്കെ ചേർന്ന് പ്രവർത്തിച്ചിട്ടും അദ്ദേഹം തന്റെ സിദ്ധാന്തങ്ങളെയും വ്യക്തിത്വത്തേയും പരിത്യജിച്ചില്ലാ എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

സ്വാമി ശ്രദ്ധാനന്ദന്റെ ഹിന്ദു-മുസ്ലീം ഐക്യവും ഗാന്ധിജിയുടെ രാമരാജ്യവും ചേർന്ന് ഡൽഹിയിൽ പ്രവർത്തനമാരംഭിച്ച കാലത്ത് ഡൽഹിയിൽ ആരും താഴ്പ റിച്ച് മോഷണം നടത്തുകയോ അടിപിടിക്കേസ് ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. ഒരു പോക്കറ്റടിപോലും നടത്തിയിട്ടില്ല. ചാരായക്കടയും ചൂതുകളി സ്ഥലവും പ്രവർത്തിച്ചില്ല. സ്ത്രീകളെ അമ്മ, സഹോദരി അഥവാ മകൾ എന്ന് വിളിച്ചാണ് സംബോധനചെയ്തിരുന്നത്. അങ്ങനെ തന്നെ അവരോട് പെരുമാറുകയും ചെയ്തു. നഗരത്തിലെ എല്ലാ വ്യവസ്ഥകളും ജനങ്ങളുടെ കയ്യിൽത്തന്നെയായിരുന്നു. സർക്കാരിന്റെയോ പോലീസിന്റെയോ ഒരു ഇടപെടലുകളും ഉണ്ടായിട്ടില്ല. സ്വാമിജി അന്ന് തപോനിഷ്ഠമായ ഒരു ജീവിതമാണ് കഴിച്ചുകൂട്ടിയിരുന്നത്.

കേരളവുമായി അഭേദ്യമായ ബന്ധമുണ്ടായിരുന്നു സ്വാമിജിക്ക്. 1921 ലെ മലബാർ കലാപസമയത്ത് നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളും സാമൂഹ്യ നവോത്ഥാന സമരങ്ങളായ വൈക്കം സത്യാഗ്രഹം, പാലക്കാട് കല്പാത്തി രഥോത്സവവുമായി ബന്ധപ്പെട്ട് അയിത്തക്കാരെന്ന് പറഞ്ഞ് ഒരു വിഭാഗം ജനങ്ങളെ മാറ്റിനിർത്തിയതിനെതിരെ നടത്തിയ പ്രക്ഷോഭങ്ങളും അവിസ്മരണീയങ്ങളാണ്. സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളി, ദളിതോദ്ധാരകൻ, വിദ്യാഭ്യാസവിചക്ഷണൻ, ശുദ്ധിപ്രസ്ഥാനത്തിന്റെ അമരക്കാരൻ, ആദർശപരിഷ്കർത്താവ്, ആദർശ ആചാര്യൻ, ആര്യജാതിയുടെ ഹൃദയസമ്രാട്ട് എന്നീ നിലകളിൽ വ്യക്തിമുദ്രപതിപ്പിച്ച സ്വാമി ശ്രദ്ധാനന്ദന്റെ ബലിദാനം 1926 ഡിസംബർ 23 ന് നാല് മണിയോട്കൂടി സംഭവിച്ചു. അബ്ദുൾ റഷീദെന്ന ഒരു മുസ്ലീം മതഭ്രാന്തന്റെ വെടിയേറ്റ് അദ്ദേഹം വധിക്കപ്പെട്ടു.

'യങ് ഇന്ത്യ'യുടെ 1926 ഡിസംബർ 30 നുള്ള ലേഖനത്തിൽ മഹാത്മാഗാന്ധി എഴുതി- മൃത്യു ഏതു സമയത്തും സുഖപ്രദമാണ്. എന്നാൽ തന്റെ ലക്ഷ്യപ്രാപ്തിക്കോ സത്യസ്ഥാപനത്തിന് വേണ്ടിയോ മരിക്കുന്നത് ഇരട്ടി സുഖമാണ്. അതുകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ മരണത്തിൽ ദുഃഖിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ശ്രദ്ധാനന്ദജി മരിച്ചെങ്കിലും ജനഹൃദയങ്ങളിൽ മുമ്പത്തെക്കാൾ കൂടുതൽ യഥാർത്ഥ അർത്ഥത്തിൽ ഇപ്പോഴും ജീവിച്ചിരിക്കുന്നു. അദ്ദേഹം വീരനെപ്പോലെ ജീവിച്ചു വീരനേപ്പോലെ മരിച്ചു. അദ്ദേഹത്തെ ഈ അവസരത്തിൽ നമുക്ക് അനുസ്മരിക്കാം. ആ വീരസന്യാസിയുടെ സ്മരണ നമ്മിൽ എപ്പോഴും വീര്യത്തിന്റേയും ബലിദാനത്തിന്റേയും ഭാവം തെളിയിക്കുമെന്ന് പ്രത്യാശിക്കാം.

(അവസാനിച്ചു)

***ധർമ്മം ചര (തൈ. ഉ. 1.11.1)***
***ധർമ്മാചരണം ചെയ്യൂ !***





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## പണ്ഡിറ്റ് ഗുരുദത്ത് ഭവൻ ഉദ്ഘാടനവും വേദ സ്വാദ്ധ്യായ ശിബിരവും





**കാറൽമണ്ണ:** വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ കാറൽമണ്ണയിൽ പ്രവർത്തിക്കുന്ന പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക് മഹാവിദ്യാലയത്തിന്റെ പുതിയ കെട്ടിടമായ 'പണ്ഡിറ്റ് ഗുരുദത്ത് ഭവന'ത്തിന്റെ ഉദ്ഘാടനം സ്വാമി ശ്രദ്ധാനന്ദന്റെ ബലിദാനദിനമായ ഡിസംബർ 23 ന് നടന്നു. ഡോ. പി. കെ. മാധവന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ മഹർഷി ദയാനന്ദ് ആർഷ ഗുരുകുലത്തിലെ (അജ്മേർ) ആചാര്യ സത്യേന്ദ്രആര്യ ഭവനത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഇതോടനുബന്ധിച്ച് മൂന്നു ദിവസം നീണ്ടു നിന്ന വേദ സ്വാദ്ധ്യായ ശിബിരവും നടന്നു. ആര്യജഗത്തിലെ പ്രഗൽഭ പണ്ഡിതന്മാരായ ആചാര്യ സത്യേന്ദ്രആര്യ, ആചാര്യ നന്ദകിഷോർ, മഹാത്മാ ആനന്ദമുനി, സൂരജ് പ്രകാശ് കുമാർ, ആചാര്യ വാമ്ദേവ്, ബ്രഹ്മമുനി, പെരുമ്പള്ളി കേശവൻ നമ്പൂതിരി, ശ്രീമതി. കമലാദേവി ആര്യ, വിജയ്സിംഗ് ഗഹലോട്ട്, തുടങ്ങിയവർ ശിബിരത്തിൽ ക്ലാസ്സുകൾ എടുത്തു. ആര്യസമാജം കാര്യദർശി കെ. എം. രാജൻ, വി.ഗോവിന്ദ ദാസ്, കെ.ഗോവിന്ദ പ്രസാദ്, സി.പി.മുരളീധരൻ, എം.വി. വിശ്വനാഥൻ, പി. ജി. അംബരീഷ് എന്നിവർ ശിബിരത്തിന് നേതൃത്വം നൽകി. ശിബിരാവസാനം നടന്ന പരീക്ഷയിൽ ഉന്നതവിജയം നേടിയവർക്ക് പാരിതോഷികങ്ങൾ നൽകി. വൈദികസാഹിത്യത്തിന്റെ വിതരണവും സ്വാമി ശ്രദ്ധാനന്ദന്റെ ബലിദാന അനുസ്മരണ ചടങ്ങും നടന്നു.

***സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)***
***ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !***